**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3592** **14-07-2022 - ൽ മറുപടിയ്ക്ക്**

**വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ച് വരുന്ന പ്രവണത ആശങ്കാജനകമാണെന്ന സാമ്പത്തിക സർവേയിലെ പരാമർശം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>2017 മുതൽ 2019 വരെയുള്ള കാലയളവിൽ റോഡ് അപകടങ്ങളിലും, തന്മൂലമുള്ള മരണങ്ങളിലും ചെറിയ തോതിലുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br>എന്നിരുന്നാലും 2019 മുതൽ 2021 വരെയുള്ള കായലളവിൽ റോഡ് അപകടങ്ങളും മരണങ്ങളും കുറഞ്ഞിട്ടുണ്ട്.<br><br>സംസ്ഥാനത്തെ റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ റോഡ് സുരക്ഷാ അതോറിറ്റി സ്റ്റേക്ക് ഹോൾഡിംഗ് വകുപ്പുകളുമായി ചേർന്ന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുകയാണ്. |
| (ബി) | റോഡ് നിയമങ്ങളും റോഡ് അച്ചടക്കവും നടപ്പിലാക്കുവാൻ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ പരാജയപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>മോട്ടോർ വാഹന വകുപ്പ് വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനു വേണ്ടി കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>റോഡ് നിയമങ്ങളും നിയന്ത്രണങ്ങളും നടപ്പിലാക്കുവാനായി റോഡ് സുരക്ഷാ അതോറിറ്റി മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് 'സേഫ് കേരള പദ്ധതി' നടപ്പിലാക്കി വരുകയാണ്.<br><br>റോഡ് സുരക്ഷയ്ക്ക് വേണ്ടിയുള്ള സുപ്രീം കോടതി കമ്മിറ്റി സംസ്ഥാനങ്ങളോട് ഗതാഗത നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നത് പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് സേഫ് കേരള - സേഫ് കേരള പദ്ധതി ആവിഷ്കരിക്കുക വഴി റോഡ് |

| | | | |
|---|---|---|---|
| | | | സുരക്ഷയ്ക്ക് ആവശ്യമായ എൻഫോഴ്സ്മെന്റ് ഘടകം ഉറപ്പ് വരുത്തുകയാണ് ചെയ്തിട്ടുള്ളത്. |
| (സി) | റോഡ് നിയമങ്ങൾ കർശനമായി പാലിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും സാങ്കേതികവിദ്യയുടെ സഹായത്തോടെ ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ? | (സി) | ഇന്റർസെപ്റ്റർ വാഹനങ്ങൾ, റഡാർ, സ്പീഡ് വയലേഷൻ ക്യാമറകൾ ഉൾപ്പടെ ഉപയോഗിച്ച് റോഡു നിയമങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനും മോട്ടോർ വാഹന വകുപ്പ് ആർട്ടിഫിഷ്യൽ ഇന്റലിജെൻസോടെ പ്രവർത്തിക്കുന്ന സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് സേഫ് കേരള പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായുള്ള 726 ക്യാമറ സംവിധാനം പ്രവർത്തിച്ചു തുടങ്ങുന്നതോടെ റോഡ് നിയമ ലംഘനങ്ങളും റോഡപകടങ്ങളും ഗണ്യമായി കുറയുന്നതായി കരുതപ്പെടുന്നു.<br><br>മോട്ടാർ വാഹന വകുപ്പിൽ ശബരിമല സേഫ് സോൺ പദ്ധതി നടപ്പിലാക്കിയതു വഴി ശബരിമല സീസണിൽ അപകടങ്ങൾ ഗണ്യമായി കുറഞ്ഞത് കണക്കിലെടുത്ത് ടി പദ്ധതി 'സേഫ് കേരള' എന്ന പേരിൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുവാൻ മോട്ടോർ വാഹന വകുപ്പ് സർക്കാരിന് ശുപാർശ സമർപ്പിച്ചിരുന്നു. അപകട നിരക്ക് 50% കുറയ്ക്കുവാനും തുടർന്ന് Zero growth level-ൽ നിലനിർത്താനുമാണ് സേഫ് കേരള പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.<br><br>വാഹന അപകടങ്ങളും അതുവഴിയുണ്ടാകുന്ന മരണങ്ങളും കുറയ്ക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വ്യാപകമാക്കാനും നിരത്തുകളിൽ ക്യാമറയും മറ്റും സ്ഥാപിച്ച് നിയമലംഘനങ്ങൾ കണ്ടെത്തുവാനുമായുള്ള സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതി നായി മോട്ടോർ വാഹന വകുപ്പിൽ പുതുതായി ഉദ്യോഗസ്ഥരുടെ തസ്തികകൾ, ക്യാമറകൾ, റഡാറുകൾ, ഇന്റർസെപ്റ്ററുകൾ മറ്റു റോഡു സുരക്ഷാ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിന് ഭരണാനുമതി ലഭിക്കുകയുണ്ടായി.<br><br>സേഫ് കേരള പദ്ധതിയുടെ ഭാഗമായി ഈസ്റ്റ് ഫോർട്ടിലുള്ള ട്രാൻസ്പോർട്ട് ഭവനിൽ സംസ്ഥാനത്തിൽ ആധുനിക സജീകരണങ്ങളോടു കൂടിയ സ്റ്റേറ്റ് കൺട്രോൾ റൂമും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ മറ്റു 13 ജില്ലകളിലും ജില്ലാതല കൺട്രോൾ റൂമുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. എല്ലാ കൺട്രോൾ റൂമുകൾക്കും ആവശ്യമായ ഉപകരണങ്ങൾ കെൽട്രോൺ മുഖാന്തിരം സ്ഥാപിച്ചു |

| | | | |
|---|---|---|---|
| | | | വരുകയാണ്. 6 ജില്ലകളിൽ കൺട്രോൾ റൂമുകൾ പ്രവർത്തന സജ്ജമാണ്. സംസ്ഥാനത്ത് ഉടനീളം റോഡുകളിൽ 700-ൽ അധികം എൻഫോഴ്സ്മെന്റ് ക്യാമറകൾ സ്ഥാപിച്ച പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലും എൻഫോഴ്സ്മെന്റ് ആർ.റ്റി.ഒ കൂടാതെ 99 എം.വി.ഐ മാരെയും 255 എ.എം.വി.ഐ മാരെയും നിയമിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ